പുനരുദ്ധാരണംവഴി അനാവശ്യമായി ഒരുപാട് പണം ചെലവായിപ്പോയി. ബി.എം.&എ.സി.യായി ഇത് മാറ്റുമ്പോൾ തീർച്ചയായും ആദ്യത്തെ ഇൻവെസ്റ്റുമെന്റ് കൂടുമെങ്കിലും സഞ്ചാരയോഗ്യമായ റോഡായി മാറും. ട്രാഫിക്കിന് സൗകര്യം ചെയ്യും. അത് സാമ്പത്തികമായി സർക്കാരിനുതന്നെ ലാഭമായിരിക്കും. അതുകൊണ്ട് ദയവുചെയ്ത് ഇത് ബി.എം.&എ.സിയാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ അത് വളരെ പ്രധാനപ്പെട്ടതാണ്. വളരെ തിരക്കേറിയ ഒരു റോഡാണ്. അത് ബലപ്പെടുത്തുന്നതിനുവേണ്ടി അദ്ദേഹം പറഞ്ഞതു പോലെ ബി.എം.&എ.സി. ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(4) കോർട്ട് കോംപ്ലക്സിന്റെ നിർമ്മാണം

ശ്രീ. എം. എം. മോനായി : സർ, പി.ഡബ്ലിയു.ഡി. എന്ന ഈജീയൻ തൊഴുത്ത് വൃത്തിയാക്കാൻ ബഹുമാനപ്പെട്ട മന്ത്രി നടത്തുന്ന ശ്രമങ്ങൾക്ക് എല്ലാ പിന്തുണയും സഹകരണവും വാഗ്ദാനം ചെയ്യുന്നു. അതുമാത്രമല്ല അങ്ങ് ക്ഷമാപൂർവ്വമായി എല്ലാ ജില്ലയിലേയും പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനുവേണ്ടി കാട്ടുന്ന സൻമനസ്സിനേയും അഭിനന്ദിക്കുകയാണ്. സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി പല പദ്ധതിയിലും ഉൾപ്പെടുത്തി ഫണ്ടുകൾ അനുവദിക്കപ്പെടുന്ന പ്രവൃത്തികൾ നടപ്പിലാക്കുന്ന പൊതുമരാമത്ത് വകുപ്പിന്റെ ആദ്യത്തെ നടപടി കെട്ടിടത്തിനോ പാലത്തിനോ ആവശ്യമായ ഡ്രോയിംഗ് തയ്യാറാക്കലാണ്. എന്നാൽ പല പദ്ധതികളുടെയും ഡ്രോയിംഗ് സമയബന്ധിതമായി പൂർത്തീകരിച്ച് ലഭിക്കാത്തതിനാൽ ടെൻഡർ നടപടികളോ തുടർനടപടികളോ സ്വീകരിക്കുവാൻ കഴിയുന്നില്ല. കുന്നത്തുനാട് മണ്ഡലത്തിൽ 2007-08 ബഡ്ജറ്റിൽ തുക അനുവദിച്ച പട്ടിമറ്റം ഹയർ സ്റ്റേഷന്റെ ഡ്രോയിംഗ് ഈ അടുത്ത നാളിലാണ് പൂർത്തീകരിച്ച് ലഭിച്ചത്. ടെൻഡർ നടപടികൾ ഇനിയും ആരംഭിച്ചിട്ടില്ല. 2008-09 ബഡ്ജറ്റിൽ തുക അനുവദിച്ച കോലഞ്ചേരി കോർട്ട് കോംപ്ലക്സിന്റെ ഡ്രോയിംഗ് പൂർത്തീകരിക്കാത്തതിനാൽ നിർമ്മാണ പ്രവർത്തനം ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. പുതിയ കെട്ടിടങ്ങളുടെ ഡ്രോയിംഗുകൾ മറ്റ് ഏജൻസികളെക്കൊണ്ട് ചെയ്യിപ്പിക്കുവാൻ ഗവൺമെന്റ് അനുവാദം നൽകിയിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റ് അതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല. പുതിയ പദ്ധതികൾക്ക് ഡ്രോയിംഗ് തയ്യാറാക്കി ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കി സമയബന്ധിതമായി ഇത്തരം നടപടികൾ വികേന്ദ്രീകരിച്ച് താഴെതലങ്ങളിൽതന്നെ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കണമെന്നും കോലഞ്ചേരി കോർട്ട് കോംപ്ലക്സിന്റെ നിർമ്മാണ പ്രവർത്തനം എത്രയും പെട്ടെന്ന് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : സർ, ഇന്നലെ നടന്ന ജില്ലാതല റിവ്യൂ മീറ്റിംഗിൽ ഇത് വളരെ വിശദമായി ചർച്ച ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ വിമർശനങ്ങൾ ശരിയാണെന്ന് കണ്ടിട്ടുണ്ട്. അതുകൊണ്ട് എത്രയും പെട്ടെന്ന് അതിന്റെ ഡ്രോയിംഗ് പൂർത്തീകരിച്ച് പദ്ധതി ആരംഭിക്കുന്നതിനുള്ള വ്യക്തിപരമായിട്ടുള്ള ഉത്തരവാദിത്വം ഏറ്റെടുക്കുകയാണ്.

(5) മരാമത്ത് പ്രവൃത്തികൾ

ശ്രീ. ബി. ബാബു പ്രസാദ് : സർ, കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും അതിനുമുമ്പ് 2008-ൽ വിഷൻ 2010 പ്രകാരം എഴുതി കൊടുത്തതുമായ എന്റെ നിയോജകമണ്ഡലത്തിലെ പ്രധാനപ്പെട്ട മേജർ പ്രവൃത്തികളൊന്നുംതന്നെ ഇതുവരെ നിർമ്മാണം ആരംഭിക്കുകയോ അല്ലെങ്കിൽ നിർമ്മാണം ആരംഭിച്ചത് മുന്നോട്ടുപോകുകയോ ചെയ്തിട്ടില്ല. ഹരിപ്പാട് പുളിക്കീഴ് പാലം ഒരുകോടി രൂപയ്ക്ക് 2008-09-ൽ വിഷൻ 2010 പദ്ധതി പ്രകാരം നിർദ്ദേശിച്ചതാണ്. കഴിഞ്ഞ വർഷം ജൂലൈ രണ്ടിന് അവിടെ ചീഫ് എഞ്ചിനീയർ സന്ദർശിച്ച് ആ നിർമ്മാണം മുന്നോട്ടുകൊണ്ടുപോകാൻ അവിടുത്തെ ഉദ്യോഗസ്ഥർക്കും കോൺട്രാക്ടർക്കും നിർദ്ദേശം നൽകി. എല്ലാ തടസ്സങ്ങളും ബന്ധപ്പെട്ടവരുടെ കമ്മിറ്റി വിളിച്ച് നീക്കികൊടുത്തിട്ടും ഒരു നടപടിയും പൂർത്തിയായിട്ടില്ല. അതുപോലെ മൂന്ന് കോടിരൂപ അടങ്കലുള്ള ഹരിപ്പാട് സിവിൽ സ്റ്റേഷൻ പണിയുന്ന പി.ഡബ്ലിയു.ഡി. വക സ്ഥലത്തുണ്ടായിരുന്ന, മഹാത്മാഗാന്ധി ഹരിപ്പാട് സന്ദർശിച്ചപ്പോൾ താമസിച്ച പി.ഡബ്ലിയു.ഡി.യുടെ പഴയ കെട്ടിടംവരെ പൊളിച്ചിട്ടിട്ട് രണ്ടുമാസമായി. അതിന്റെ ടെൻഡർ നടപടികൾ ഇതുവരെ പൂർത്തിയായിട്ടില്ല. അതുപോലെ ഹരിപ്പാട് കോർട്ട് കോംപ്ലക്സ്, ജുഡീഷ്യൽ ഓഫീസർമാരുടെകൂടെ പ്രത്യേക ശ്രദ്ധയുള്ള രണ്ടര കോടിരൂപയുടെ പദ്ധതിക്ക് ഈ ആഴ്ചയാണ് ഡിസൈൻ തയ്യാറായിട്ടുള്ളത്. എന്റെ നിയോജക മണ്ഡലത്തിലെ മറ്റ് പദ്ധതികളായ.....

മി. സ്പീക്കർ : ശ്രീ. ബി. ബാബു പ്രസാദ് സബ്മിഷൻ എല്ലാംകൂടെ ഒരുമിച്ച് പറയുകയാണ്.

ശ്രീ. ബി. ബാബു പ്രസാദ് : ചെറുതനക്കടവിലെ പുളിക്കീഴ് പാലം, ചെറുതന അലോപ്പതി സബ്സെന്റർ, തോട്ടപ്പള്ളി-തൃക്കുന്നപ്പുഴ റോഡ്, ഹരിപ്പാട്-ഇലഞ്ഞിമേൽ റോഡ്, ഹരിപ്പാട് ടൗൺ ഡീവിയേഷൻ റോഡ്, കുമാരകോടിപ്പാലം എന്നീ പദ്ധതികൾ പി.ഡബ്ലിയു.ഡി. പൂർണ്ണമായും ബഹിഷ്ക്കരിച്ചിരിക്കുകയാണ്. ഒന്നും ചെയ്യുന്നില്ല. ഈ നാലുവർഷത്തിനകം പി.ഡബ്ലിയു.ഡി. ഒരു പദ്ധതിയുടെപോലും കല്ല് എന്റെ നിയോജക മണ്ഡലത്തിൽ ഇട്ടിട്ടില്ല. ഒരു ഫൗണ്ടേഷൻ സ്റ്റോൺപോലും പി.ഡബ്ലിയു.ഡി. മന്ത്രിമാർ, ഇപ്പോൾ നാലാമത്തെ മന്ത്രിയാണ്, ഇതുവരെ എന്റെ നിയോജക മണ്ഡലത്തിൽവന്ന് ഒരു ഫൗണ്ടേഷൻ സ്റ്റോൺപോലും ഇട്ടിട്ടില്ല. അപ്പോൾ അതിൽനിന്ന് അറിയാമല്ലോ പി.ഡബ്ലിയു.ഡി. പൂർണ്ണമായും അവഗണിച്ചിരിക്കുകയാണെന്ന്.....

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. ബി. ബാബു പ്രസാദ് സബ്മിഷനിൽ സൂചിപ്പിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly